## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

**71(2059)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനവധി സഹകരണ സംഘങ്ങളുടെ ഓഫീസും അനുബന്ധ സ്ഥാപനങ്ങളും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സഹകരണ സ്ഥാപനങ്ങൾക്ക് ഓഫീസ് നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ കെട്ടിടങ്ങൾ സഹകരണ സംഘങ്ങൾക്ക് വാടകയ്ക്ക് നൽകുമ്പോൾ ഇളവുകൾ നൽകുന്നതിന് ഉത്തരവ് നൽകുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങൾക്ക് പുതുതായി ഓഫീസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നില്ല. എന്നാൽ എൻ.സി.ഡി.സി. - ഗോഡൗൺ നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ആകെ വിസ്തീർണ്ണത്തിന്റെ 30% ഓഫീസ് ആവശ്യത്തിനായി വിനിയോഗിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ഓഫീസ് കെട്ടിട പുനരുദ്ധാരണത്തിന് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി എൻ.സി.ഡി.സി.യിൽനിന്നും ധനസഹായംനൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽപ്പെടുത്തി കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപവരെ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട്

**72 (2060)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കുന്നത് മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളിലും ബാങ്കുകളിലുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽനിന്നും അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം കാൻസർ ബാധിതർ, കിഡ്നി സംബന്ധ രോഗംമൂലം ഡയാലിസിസിന് വിധേയമായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി വായ്പയെടുത്ത ശേഷം മാരക രോഗം പിടിപെട്ടവരുടെ വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000 രൂപയുടെ ആനുകൂല്യം നൽകാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പക്കാലാവധിതീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിന് കുടിശ്ശിക വരുത്താത്ത വായ്പക്കാർക്ക് വായ്പാ ബാധ്യത ഒഴിവാക്കുന്നതിന് ആനുകൂല്യം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 2015 മെയ് മാസംവരെ ആകെ 119,76,53,559 (നൂറ്റിപത്തൊൻപത് കോടി എഴുപത്തിയാറ് ലക്ഷത്തി അൻപത്തി മൂന്നായിരത്തി അഞ്ഞൂറ്റി അമ്പത്തൊമ്പത്) രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ തുടങ്ങി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിലുമാണ് റിസ്ക്ഫണ്ട് പദ്ധതി നടപ്പിലാക്കിവരുന്നത്.

## സഹകരണ സമുച്ചയത്തിന്റെ നിർമ്മാണം

**73(2061)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണങ്ങളും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ സഹകരണ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി സഹകരണസംഘങ്ങളിൽനിന്നും ആകെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സഹകരണ സമുച്ചയ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) തിരുവനന്തപുരത്തെ സഹകരണ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി സഹകരണ സംഘങ്ങളിൽനിന്നും നാളിതുവരെ 69,22,12,698 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 3,64,41,500 |
| കൊല്ലം | 5,38,39,000 |
| ആലപ്പുഴ | 1,45,31,000 |